പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1619

14/07/2016 ൽ മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനപുരോഗതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ.ഹരീന്ദ്രൻ | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | എ) ഉണ്ട്.<br>വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും, ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് നഷ്ടത്തിലായ ഓരോ സ്ഥാപനത്തിനേയും ലാഭകരമാക്കുന്നതിനും ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലാഭം ദീർഘകാലത്തേയ്ക്ക് ഉറപ്പിൽ വരുത്തുന്നതിനും വേണ്ട നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ഈ നടപടികൾ ത്വരിതപ്പെടുത്തുന്നതിലേക്കായി പൊതുമേഖലാ വ്യവസായ പുന:സംഘടന ബോർഡ് (റിയാബ്) ഈ സർക്കാർ ഇതിനകം തന്നെ പുന:സംഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 42 സ്ഥാപനങ്ങളുടെയും പ്രാഥമിക അവലോകനയോഗങ്ങൾ റിയാബ് ചെയർമാന്റെ നേതൃത്വത്തിൽ നടന്നുകഴിഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനങ്ങളുടെയും കാര്യക്ഷമമായ പ്രവർത്തനത്തിനായി ആധുനികവത്ക്കരണവും, വിപുലീകരണവും, ഉൽപ്പാദന വൈവിധ്യവത്ക്കരണവുമുൾപ്പെടെ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച വിശദമായ പ്രൊപ്പോസലുകൾ തയ്യാറാക്കിവരുന്നു. |
| ബി) 2011 ൽ യു.ഡി.എഫ്.സർക്കാർ അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന അവസ്ഥയും ഇപ്പോഴത്തെ അവസ്ഥയും പ്രത്യേകം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽവിശദമാക്കാമോ? | ബി) 2011 ൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് വ്യവസായവകുപ്പിന്റെ അധീനതയിലുള്ള 23 സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചിരുന്നത്. 2016 ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ 2015-16 ലെ ആഡിറ്റിനു മുൻപുള്ള കണക്കുകൾ പ്രകാരം 10 സ്ഥാപനങ്ങളാണ് ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്നത്. |

അനാരോഗ്യപരമായ ഇറക്കുമതിയും, വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തെയും വർദ്ധിച്ച ഉൽപ്പാദനച്ചെലവുകളെയും അതിജീവിക്കത്തക്കവിധത്തിൽ കമ്പനികൾക്ക് പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിക്കാത്തതും, മൂലധനത്തിൻെറ അപര്യാപ്തതയുമാണ് പല സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്നതിനുള്ള പ്രധാന കാരണം. സ്ഥാപനങ്ങളിൽ നവീകരണത്തിൻെറയും വിപുലീകരണത്തിൻെറയും ഭാഗമായുള്ള പദ്ധതികൾക്കായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും അതിനായുള്ള ധനം ലഭ്യമാക്കുന്നതിന് നേരിടുന്ന കാലതാമസം പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് വിഘാതമാകാറുള്ളത് സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രതിസന്ധികൾ തരണം ചെയ്യത്തക്കവിധത്തിൽ സ്ഥാപനങ്ങളെ മത്സരക്ഷമതയുള്ളവയാക്കുന്നതിനായി മാനേജ്മെൻറ് സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ, ഉൽപ്പാദന സംവിധാനങ്ങളുടെ കാലോചിതമായ നവീകരണം, ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്ക്കരണവും വിപുലീകരണം എന്നിവയുടെ സാധ്യതകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ